(ബി) മോട്ടോർ വാഹന വകുപ്പും പോലീസും ഇക്കാര്യങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. - ബസ്സുകൾ സ്റ്റോപ്പുകളിൽത്തന്നെ നിർത്തണമെന്ന് കർശനമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. സ്റ്റോപ്പിൽ നിർത്താതെ പോകുന്ന ബസ്സുകളെ സംബന്ധിച്ച് പരാതികൾ ലഭിക്കുമ്പോൾ അവയ്ക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നു.

ബസ് ചാർജ്ജ് വർദ്ധന

*13 [422] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്ര തവണ ചാർജ്ജ് വർദ്ധന നടപ്പിലാക്കി, ഓരോ തവണയും വർദ്ധിപ്പിച്ച നിരക്കുകൾ എത്ര;

(ബി) കഴിഞ്ഞ നാലു വർഷത്തിനിടയിൽ ചാർജ്ജ് വർദ്ധന വിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം എത്രത്തോളം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പെട്രോൾ, ഡീസൽ വില വർദ്ധനവിനെ തുടർന്ന് ബസ് ചാർജ്ജുകൾ വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണനയിലാണോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഓർഡിനറി ബസ്സുകൾക്കുമാത്രം രണ്ടു പ്രാവശ്യവും മറ്റു എല്ലാ വിഭാഗം ബസ്സുകൾക്കും ഒരു പ്രാവശ്യവും ചാർജ്ജ് വർദ്ധിപ്പിച്ചു. ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. 28-9-2001-ലെ സ. ഉ. നമ്പർ 24/01/ട്രാൻ. പ്രകാരം താഴെ കൊടുത്തിട്ടുള്ള നിരക്കിൽ വർദ്ധിപ്പിക്കുകയുണ്ടായി:

ഓർഡിനറി	..	25%
ഫാസ്റ്റ് പാസഞ്ചർ	..	25%
സൂപ്പർ ഫാസ്റ്റ്	..	24%
സൂപ്പർ എക്സ്പ്രസ്	..	24%
സൂപ്പർ ഡീലക്സ്	..	26%

15-9-2004-ലെ സ. ഉ. 36/04/ട്രാൻ. പ്രകാരം ഓർഡിനറി സർവ്വീസുകൾക്ക് മാത്രം 20% വർദ്ധനവ് ഏർപ്പെടുത്തി.

(ബി) 1-10-2001-ൽ നിലവിൽ വന്ന വർദ്ധനവിനു മുമ്പുള്ള കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി വരുമാനം 47.50 കോടി രൂപയും ചാർജ്ജ് വർദ്ധനവിനു ശേഷമുള്ള ശരാശരി വരുമാനം 52.54 കോടിയും ആയിരുന്നു. വർദ്ധനവ് 5.04 കോടി രൂപയാണ്. 16-9-2004-ൽ നടപ്പിലാക്കിയ വർദ്ധനവിനു മുമ്പുള്ള 30 ദിവസത്തെ വരുമാനം 60.31 കോടി രൂപയും ചാർജ്ജ് വർദ്ധനവിനു ശേഷമുള്ള 30 ദിവസത്തെ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം 60.93 കോടി രൂപയുമാണ്. ഈ ചാർജ്ജ് വർദ്ധനവിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ മാസവരുമാനത്തിൽ 61.83 ലക്ഷം രൂപയുടെ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

(സി) ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുന്ന ഒരു തീരുമാനവും സർക്കാർ എടുത്തിട്ടില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പീഡിത വ്യവസായങ്ങൾ സംരക്ഷിക്കാൻ നടപടി

1 [2868] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, വി. ചെന്താമരാക്ഷൻ:
,, പി. ജയരാജൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പീഡിത വ്യവസായങ്ങൾ സംരക്ഷിക്കാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പീഡിത വ്യവസായങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ട്രേഡ് യൂണിയൻ സംഘടനകൾ എന്തെങ്കിലും നിർദ്ദേശം സർക്കാരിന് നൽകുകയുണ്ടായോ;

(സി) ഈ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) പീഡിത വ്യവസായങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ നൽകുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദുർബല-പീഡിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരണം വഴി സംരക്ഷിക്കുന്നതിനായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലും പീഡിത വ്യവസായ പുനരുദ്ധാരണ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. നിലവിലുള്ള പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി കൂടുതൽ ഫലപ്രദമാക്കുന്നതിനായി മെച്ചപ്പെട്ട സഹായ ആശ്വാസ നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് കാലോചിതമായി പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി, സി) പീഡിത ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച് മൊത്തത്തിലുള്ള ഒരു പഠനം നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് ട്രേഡ് യൂണിയൻ സംഘടനകളിൽനിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കേരള സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലാണ്.

(ഡി) പുനരുദ്ധാരണ പരിപാടികൾ നടപ്പിലാക്കിത്തുടങ്ങിയ പീഡിത ചെറുകിട വ്യവസായങ്ങൾക്ക് അർഹതപ്പെട്ട സഹായങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly